ചായയുണ്ടാക്കാനുള്ള ചായപ്പൊടിക്കും, പാലിനും വില വർദ്ധിച്ചിട്ടില്ല. അവയ്ക്ക് വില കുറഞ്ഞിരിക്കുകയാണ്. അതുപോലെ കാപ്പിപ്പൊടിക്കും പഞ്ചസാരയ്ക്കുമൊന്നും വില വർദ്ധിച്ചിട്ടില്ല. എന്നിട്ടും ഈ രീതിയിൽ ഗ്രാമപ്രദേശങ്ങളിലും പട്ടണപ്രദേശങ്ങളിലും പാകം ചെയ്ത ഭക്ഷണസാധനങ്ങൾക്ക് വില വർദ്ധിപ്പിക്കുന്നുവെങ്കിൽ ഈ സംസ്ഥാനത്തെ ജനങ്ങളോട് ചെയ്യുന്ന കൊടുംക്രൂരതയായി മാത്രമേ കാണാൻ കഴിയുകയുള്ളു. ഭക്ഷണ സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കുക മാത്രമല്ല, അവയുടെ മുഴുപ്പും കുറഞ്ഞിരിക്കുകയാണ്. കയ്യിലൊതുങ്ങുന്ന മുഴുപ്പായിമാറിയിരിക്കുന്നു. ഉഴുന്നുവടയ്ക്ക് ഈയർ റിങ്ങിന്റെ മുഴുപ്പേയുള്ളു. എന്തൊരു ഗതികേടാണിത്? എനിക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് പറയാനുള്ളത്, തമിഴ്നാട് ഗവൺമെന്റ് ചെയ്തതുപോലെ ജില്ലാ ആസ്ഥാനങ്ങളിൽ കളക്ടർമാരുടെ നേതൃത്വത്തിൽ ഈ ഹോട്ടലുകളും ചായക്കടകളും നടത്തുന്ന ആളുകളെ വിളിച്ചുവരുത്തി ഭക്ഷണസാധനങ്ങളുടെ വില നിശ്ചയിച്ച് സാധാരണക്കാരായ ജനങ്ങളെയും ഉദ്യോഗസ്ഥൻമാരെയും രക്ഷിക്കാൻവേണ്ടി ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ്. അതിനുവേണ്ടി ഞാൻ ആത്മാർത്ഥതയോടുകൂടി അപേക്ഷിക്കുകയാണ്.

ക്ഷീരവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു.എ. ബീരാൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ നിത്യ വരുമാനക്കാരായ തൊഴിലാളികളും, ഉദ്യോഗസ്ഥൻമാർ, ഇടത്തരക്കാർ എന്നിവരെല്ലാം കൂടുതലും ഹോട്ടലുകളെ ആശ്രയിക്കുന്നവരാണ്. ഭക്ഷണസാധനങ്ങൾക്ക് വില വർദ്ധനവുണ്ട്. നിർഭാഗ്യവശാൽ, ഇന്നത്തെ സാഹചര്യത്തിൽ ഹോട്ടലുകളിൽ പാകം ചെയ്ത് വിൽക്കുന്ന സാധനങ്ങളുടെ വില നിശ്ചയിക്കാനോ, നിയന്ത്രിക്കാനോ പ്രത്യേക നിയമങ്ങളൊന്നുമില്ല. എന്നാൽ അവർ വിലവിവരപട്ടിക പ്രദർശിപ്പിക്കണമെന്നാണ് വ്യവസ്ഥ. അത്, കർശനമാക്കാൻ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനു പുറമേ, ബഹുമാനപ്പെട്ട പി.സി. ജോർജ്ജ് പറഞ്ഞതുപോലെ കളക്ടർമാരെ വിളിച്ചുകൂട്ടി അവരോട് ഇക്കാര്യങ്ങളെക്കുറിച്ച് വിശദമായി ചർച്ചചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ പല ജില്ലാകളക്ടർമാരും ഹോട്ടലുടമകളെ വിളിച്ചുകൂട്ടി ഭക്ഷണസാധനങ്ങളുടെ വില അമിതമായി വർദ്ധിപ്പിക്കരുതെന്നും ഒരു നിശ്ചിത വിലയ്ക്ക് വിൽക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള പ്രവർത്തനം ഇപ്പോഴും ചെയ്തിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ മൊബൈൽ കാന്റീൻ നടത്താൻവേണ്ടി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

(16) ചെല്ലഞ്ചി പാലം പണി തുടങ്ങൽ

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു ചെറിയ കാര്യവും എനിക്കും എന്റെ നിയോജകമണ്ഡലത്തിനും വലിയൊരു കാര്യവുമായതിനെക്കുറിച്ചാണ് ഞാൻ പറയാൻ പോകുന്നത്. നന്ദിയോട്-കല്ലറ പഞ്ചായത്തുകളെ യോജിപ്പിക്കുന്ന ഒരു പാലമാണ് ചെല്ലഞ്ചി പാലം. കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

പതിനൊന്ന് വർഷങ്ങളായി അതിന്റെ നടപടികൾ കോൾഡ് സ്റ്റോറേജിൽ ഇരിക്കുന്നതുപോലെ സർക്കാരിന്റെ ചീഫ് എഞ്ചിനീയർ ഓഫീസിൽ ഇരിക്കുകയാണ്. 1974-ലാണ് ഈ പാലത്തിന്റെ പണിയാരംഭിച്ചത്. നടുമങ്ങാടിന്റെ കിഴക്കൻ മലമ്പ്രദേശത്തെ മലഞ്ചരക്കു വ്യാപാര കേന്ദ്രമാണ് കല്ലറ. ഈ കല്ലറയെയും കിഴക്കൻ പ്രദേശങ്ങളെയും യോജിപ്പിക്കുന്ന ഒരു പാലമാണിത്. കാട്ടാക്കട, നെടുമങ്ങാട്, വിതുര, നന്ദിയോട് എന്നീ പ്രദേശങ്ങളിൽനിന്നും കല്ലറ വരുന്നതിന് 30 കി.മീ. ദൂരംവരെ ഈ പാലംകൊണ്ട് എളുപ്പമാണ്. ഇതിന്റെ ബഡ്ജറ്റ് സാങ്ഷനായിട്ടുണ്ട്. മറ്റു നടപടികൾ ഓഫീസിലെ കോൾഡ് സ്റ്റോറേജിൽ ഇരിക്കുകയാണ്. ഇത് നെടുമങ്ങാട് താലൂക്കിന്റെ ഒരു വലിയ ആവശ്യമാണ്. ഇക്കൊല്ലം തന്നെ ഇതിന്റെ പണി തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് അത്ര ചെറിയ കാര്യമാണോയെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഈ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞിരിക്കുകയാണ്. അതിന്റെ ഡിസൈൻ ഉണ്ടാക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഡിസൈൻ കിട്ടിക്കഴിഞ്ഞാൽ അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്. എന്തായാലും ഈ വർഷംതന്നെ പണി തുടങ്ങാൻ പ്രയാസമാണ്. ഈ പാലത്തിനുവേണ്ടി ഈ വർഷം ബഡ്ജറ്റിൽ നൂറ് രൂപയാണ് കൊള്ളിച്ചിട്ടുള്ളത്. അതുകൊണ്ട് എസ്റ്റിമേറ്റ് ഉണ്ടാക്കി അനുമതി നൽകുന്ന കാര്യം ഡിസൈൻ കിട്ടിക്കഴിഞ്ഞതിനു ശേഷം ആലോചിക്കുന്നതാണ്.

(17) ഓണാട്ടുകര പ്രദേശത്തിന് ഒരു കാർഷിക വികസന അതോറിറ്റി രൂപീകരിക്കണമെന്ന ആവശ്യം

ശ്രീ. തച്ചടി പ്രഭാകരൻ: സർ, കൊല്ലം ജില്ലയിൽപ്പെട്ട കരുനാഗപ്പള്ളി താലൂക്കും ആലപ്പുഴ ജില്ലയിൽപ്പെട്ട കാർത്തികപ്പള്ളി, മാവേലിക്കര എന്നീ താലൂക്കുകളും ചേരുന്ന ഓണാട്ടുകര പ്രദേശം പ്രകൃതിയെ മാത്രം ആശ്രയിച്ച് കൃഷിചെയ്യുന്ന ഒരു പ്രദേശമാണ്. ഈ പ്രദേശത്തിനുവേണ്ടി കുട്ടനാട് വികസന പദ്ധതി പോലെയും തൃശ്ശൂർ കോൾ നിലങ്ങൾക്കുവേണ്ടി ഉണ്ടാക്കിയിരിക്കുന്ന പ്രത്യേക പദ്ധതി പോലെയും ഒരു പദ്ധതി ഉണ്ടാക്കാൻ ഗവൺമെന്റിന്റെ മുമ്പിൽ നിരന്തരമായി ഞങ്ങൾ നിവേദനം നടത്തിയിട്ടുണ്ട്. അതിന് ഏറെക്കുറെ അനുകൂലമായ തീരുമാനമെടുക്കാമെന്ന് പറഞ്ഞു. അവിടെ വളരെ ചെറിയ കൃഷിക്കാരാണുള്ളത്. ഏകദേശം 688 സ്ക്വയർ കിലോ മീറ്റർ ഉള്ള ഈ പ്രദേശത്ത് ഒരു പറയും രണ്ടു പറയും നിലങ്ങൾ കൃഷി ചെയ്യുന്നവരാണ് ബഹുഭൂരിപക്ഷം കൃഷിക്കാരും. അതുപോലെതന്നെ തെങ്ങു കൃഷിക്ക് ഏറ്റവും കൂടുതൽ രോഗം ബാധിച്ചിട്ടുള്ള പ്രദേശം ഓണാട്ടുകര പ്രദേശമാണെന്നുള്ളതു വസ്തുതയാണ്. അതുകൊണ്ട് തെങ്ങ് കൃഷിയെയും നെൽകൃഷിയെയും സഹായിക്കുന്നതിനുവേണ്ടി പ്രത്യേകമായി ഒരു വികസന പദ്ധതി, ഓണാട്ടുകര പ്രദേശത്തിനു മാത്രമായി രൂപീകരിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly